**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 361** **09-08-2021 - ൽ മറുപടിയ്ക്ക്**

**ഓൺലൈൻ പഠനവുമായി ബന്ധപ്പെട്ട കൗൺസിലിംഗ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഓൺലൈൻ വിദ്യാഭ്യാസത്തിൽ ഏർപ്പെട്ടിരിക്കുന്ന വിദ്യാർത്ഥികളുടെ മാനസിക സംഘർഷം ഒഴിവാക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി രക്ഷിതാക്കൾക്ക് ഇതുസംബന്ധിച്ച് ബോധവത്കരണം നടത്താനും വിദ്യാർത്ഥികൾക്ക് വേണ്ടി കൗൺസിലിംഗ് ക്ലാസ്സുകൾ ഏർപ്പെടുത്താനും നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (എ) | വിദ്യാർത്ഥികളുടെ മാനസികാരോഗ്യവുമായി ബന്ധപ്പെട്ട് വിവിധ പ്രവർത്തനങ്ങൾ സ്കൂളുമായി ബന്ധപ്പെട്ട് ഇപ്പോൾ തന്നെ തുടക്കം കുറിച്ചിട്ടുണ്ട്. ജീവിതനൈപുണി വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് 'ഉല്ലാസപ്പറവകൾ' എന്ന പേരിലുള്ള പ്രവർത്തനം സംസ്ഥാനത്തു നടന്നുവരുന്നു. ഈ പേരിൽ പ്രത്യേക പഠനസാമഗ്രി തയ്യാറാക്കിയാണ് മുന്നോട്ട് പോകുന്നത്. കുട്ടികളുടെ മാനസികാരോഗ്യം ഈ പദ്ധതിയുടെ മുഖ്യപരിഗണനയാണ്. Our Responsibility to Children (ORC) എന്ന പദ്ധതിയും സ്കൂൾ കുട്ടികൾക്കായി നടപ്പാക്കുന്നുണ്ട്. കുട്ടികളുടെ വൈകാരികവും മാനസികവുമായ ക്ഷേമം ഈ പരിപാടിയുടെ ലക്ഷ്യമാണ്. ഇതിലെല്ലാം രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്തുവാൻ ഊന്നൽ നൽകുന്നുണ്ട്. കൂടാതെ കുട്ടികൾക്കായി മാനസികാരോഗ്യ ക്ലാസ്സുകൾ ഡിജിറ്റൽ ക്ലാസ്സുകളോടൊപ്പം ഉൾപ്പെടുത്തിയിട്ടുണ്ട് ഓരോ വിഷയവും പഠിപ്പിക്കുന്ന അധ്യാപകരുടെ ക്ലാസുകളോടൊപ്പവും അല്ലാതെ വിദഗ്ധരുടെ സഹായത്തോടെ പ്രത്യേക ക്ലാസ്സുകളായും മാനസികാരോഗ്യ ക്ലാസ്സുകൾ സംപ്രേഷണം ചെയ്തുവരുന്നു. ഈ വർഷം സമഗ്രശിക്ഷാ കേരളം ബി.ആർ.സി തലത്തിൽ വിദഗ്ധ സർക്കാർ ഡോക്ടർമാരുടെ സേവനം പ്രയോജനപ്പെടുത്തി കുട്ടികൾക്കും രക്ഷിതാക്കൾക്കുമായി "അതിജീവനം" എന്ന പേരിൽ ടെലി കൗൺസിലിംഗ് പ്രോഗ്രാമുകളും നടത്തിവരുന്നു. ഓൺലൈൻ ക്ലാസ്സുകളുടെ തുടർ പിന്തുണാ പ്രവർത്തനങ്ങളുടെ ഭാഗമായി വർക്ക്ഷീറ്റുകൾ/ പ്രവർത്തന കാർഡുകൾ എന്നിവ നൽകിയിട്ടുണ്ട്. സ്കൂൾ അധ്യാപകർ വിദ്യാർത്ഥികളെയും രക്ഷിതാക്കളെയും ഇടയ്ക്കിടെ ഫോണിൽ ബന്ധപ്പെട്ട് വേണ്ട മാനസിക പിന്തുണയും അക്കാദമിക പിന്തുണയും തുടർച്ചയായി നൽകുന്നു. |

| | | | |
|---|---|---|---|
| | | | വിദ്യാർത്ഥികൾക്കായി എല്ലാ ഞായറാഴ്ചകളിലും SHE Assembly എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. കൂടാതെ 'ഉള്ളറിയാൻ' എന്ന പരിപാടി ഡിജിറ്റൽ ക്ലാസ്സുകളുടെ ഭാഗമായി ആരംഭിച്ചിട്ടുണ്ട്. കുട്ടികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഇതിൽ മനശാസ്ത്രജ്ഞരുടെ സഹായം തേടുന്നുണ്ട്. ഒപ്പംതന്നെ കായിക ക്ഷമതയും ആരോഗ്യവും സംബന്ധിച്ച വീഡിയോ ക്ലാസ്സുകളും ലഭ്യമാക്കുന്നുണ്ട്. വിക്ടേഴ്സ് ചാനൽവഴി ഇത്തരം ക്ലാസ്സുകൾകൂടി സംപ്രേക്ഷണം ചെയ്യുന്നുണ്ട്. ഈ കാലഘട്ടത്തിൽ മാനസിക സംഘർഷം അനുഭവിക്കുന്ന കുട്ടികൾക്കും രക്ഷിതാക്കൾക്കും കൗൺസിലിംഗ് നൽകുന്നതിനായി നിരവധി പരിപാടികൾ വിവിധ ഏജൻസികളുടെ നേതൃത്വത്തിൽ നടന്നുവരുന്നുണ്ട്. ഒ.ആർ.സി പ്രോജക്റ്റിന്റെ ഭാഗമായുള്ള ചിരി പദ്ധതി, ആരോഗ്യ വകുപ്പിന്റെ ദിശാ ഹെൽപ്പ് ലൈൻ, വനിതാ ശിശു വികസന വകുപ്പിന്റെ കുട്ടി ഡെസ്ക് തുടങ്ങിയവ ഉദാഹരണമാണ്. കൂടാതെ സ്കൂൾ കൗൺസിലർമാർ, സൗഹൃദ ക്ലബ്ബ് കോഡിനേറ്റർമാർ, മെൻറർ ടീച്ചർമാർ, എഡ്യൂക്കേഷൺ വോളന്റിയേഴ്സ് തുടങ്ങിയവർ നിരന്തരം കുട്ടികളും രക്ഷിതാക്കളുമായി ബന്ധം പുലർത്തുകയും പ്രശ്നങ്ങളിൽ ഇടപെടുകയും ചെയ്യുന്നുണ്ട്. പഠനത്തിന്റെ ഭാഗമായ കണ്ടെത്തലുകൾക്കനുസരിച്ച് കൂടുതൽ ഫലപ്രദമായ ഇടപെടലിനായി പദ്ധതികൾ തയ്യാറാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ